## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3712 | 17-12-15 ൽ മറുപടിക്ക്

## വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. ടി.എൻ.പ്രതാപൻ**<br>**ശ്രീ. വി.റ്റി.ബൽറാം**<br>**ശ്രീ. ആർ. സെൽവരാജ്** | **ശ്രീ. രമേശ് ചെന്നിത്തല**<br>**(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബ്യൂറോ ആസ്ഥാനത്തും വിവിധ യൂണിറ്റുകളിലും സ്വീകരിക്കുന്ന പരാതികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിലേക്കായി പബ്ലിക്ക് വിജിൽ എന്നൊരു വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു.ഓരോ ജില്ലയിലെയും അഴിമതി നിരോധന വകുപ്പ് മേധാവികളുടെ മേൽവിലാസവും ടെലിഫോൺ നമ്പറുകളും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിക്കുകയും പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നതിനായി ടോൾ ഫ്രീ നമ്പർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | ബി) ഇതിലൂടെ സോഷ്യൽ മീഡിയ വഴിയോ ടെലിഫോൺ മുഖാന്തിരമോ ഉയർന്ന ഉദ്യോഗസ്ഥർക്ക് നേരിട്ട് ലഭിക്കുന്ന പരാതികൾ പൂർണ്ണമായും ഡിജിറ്റൽ ഫോർമാറ്റിലേക്ക് മാറ്റുകയും, പരാതി പരിഹാരം വേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും. കൂടാതെ അന്വേഷണ പുരോഗതിയും ബന്ധപ്പെട്ട കാര്യങ്ങളും മുതിർന്ന ഉദ്യോഗസ്ഥർക്ക് വളരെ വേഗം ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും. പരാതിക്കാരന് തന്റെ പരാതിയിൽ സ്വീകരിച്ച നടപടിയും മറ്റും വെബ്സൈറ്റിലൂടെ അറിയുവാൻ സാധിക്കുകയും പരാതി നമ്പറും മറ്റു വിവരങ്ങളും ടിയാന്റെ മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ് ആയി അയച്ചു കൊടുക്കുവാനുള്ള നടപടികളും ഇതിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നുണ്ട്. |

| | | |
|---|---|---|
| സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | സി) 1. ഇതിലേക്കായി മുഴുവൻ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഇ-മെയിൽ നൽകുവാനുള്ള നടപടി പൂർത്തിയായി വരുന്നു.<br>2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ ശ്രമങ്ങൾക്കായി എസ്.എം.എസ് സംവിധാനം ഉപയോഗിക്കുവാനുള്ള നടപടികളും എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ